# അക്കാദമിക
# മാസ്റ്റർ പ്ലാൻ
# 2025- 26

മലയാളം
ഗണിതം
ഇംഗ്ലീഷ്

ക്ലാസ് - 1

# ആമുഖം

മൂന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്രവികസനമാണ് ഓരോ അധ്യാപകരും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത് വായന വിവിധ വ്യവഹാര രൂപങ്ങൾ സ്വതന്ത്രമായ പ്രതികരണങ്ങൾ ശില്പശാല, സംയുക്ത ഡയറി, സ്വതന്ത്രരചനകൾ എന്നിങ്ങനെ വിവിധമേഖലകൾ കുട്ടി കൈവരിക്കേണ്ടത് ആയിട്ടുണ്ട്. അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കുട്ടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. അക്കാദമിക മാസ്റ്റർപ്ലാൻ വഴി ഭാഷയിലെ വിവിധതരം പ്രവർത്തനങ്ങൾ കുട്ടി സ്വയം സ്വായത്തമാക്കണം എന്നത് മുൻകൂട്ടി ഓരോ മാസവും വിവിധ പ്രവർത്തനഘട്ടത്തിലൂടെ കുട്ടിയും രക്ഷിതാവും അധ്യാപികയും ഇറങ്ങിച്ചെല്ലുന്നു. സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായാണ് അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ഈ അധ്യയന വർഷത്തിൽ കുട്ടി രക്ഷിതാവ്, അധ്യാപകർ മറ്റ് സഹായികൾ ഉൾപ്പെട്ടുകൊണ്ട് ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർ പ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പദ്ധതികൾ വിലയിരുത്തലിന് സാധ്യത ഒരുക്കി കൊണ്ടാണ് അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

username ArunimaJL Das

## ലക്ഷ്യങ്ങൾ

* മൂന്നാം ക്ലാസിലെ എല്ലാ കുട്ടികളേയും എഴുതാനും വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാക്കുക.
* എല്ലാ കുട്ടികളേയും ലളിതമായ ബാലസാഹിത്യകഥകൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
* എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായം ഇല്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പുവരുത്തുക.
* രക്ഷിതാവിന്റേയും അധ്യാപികയുടെയും സഹായത്തോടെ വിവിധ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടൽ അവസരവാക്യങ്ങളിൽ പങ്കിടൽ
* ലളിതമായ വായനകാർഡുകൾ നിർമ്മിക്കുന്നു. വായിക്കുന്നു.
* കുട്ടികളെ എഴുത്തിന്റെ ലോകത്തേക്ക് എത്തിക്കുന്നതിനുള്ള
* തിയേറ്റർ സാധ്യതകൾ വായനക്കളികൾ എന്നിവ ഉപയോഗിച്ച് വായനയിലേക്ക് കുട്ടികളെ ആകൃഷ്ടരാക്കുന്നു.
* ലിപികൾ തിരിച്ചറിഞ്ഞ് മറ്റുള്ളവരുടെ സഹായത്തോടെ ലഘുകവിതകൾ, ചെറുകഥകൾ എഴുതുന്നു വായിക്കുന്നു.
* കുട്ടികൾ തങ്ങളുടെ ആശയങ്ങൾ പങ്കിട്ട് ചെറുകഥാപുസ്തകം രൂപപ്പെടുത്തുന്നു.

THIRUVANANTHAPURAM SYNOD
Lutheran School
Teacher's Conference
20 th April 2024

## ജൂൺ

### പ്രവർത്തനങ്ങൾ

* സചിത്ര നോട്ട്ബുക്ക്, സചിത്ര ആസൂത്രണം, അക്കാദമിക മാസ്റ്റർപ്ലാൻ എന്നിവ തയ്യാറാക്കൽ
* സചിത്ര ഡയറി, സംയുക്ത ഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക.
* അക്കാദമിക മാസ്റ്റർപ്ലാൻ അവതരണം.
* ചിത്രകാർഡുകൾ, വായനകാർഡുകൾ നിർമ്മാണശില്പശാല
* താളാത്മകമായി ചെറുകവിതകൾ ചൊല്ലൽ

## ജൂലൈ

### പ്രവർത്തനങ്ങൾ

* സംയുക്ത ഡയറി എഴുതാൻ സഹായം ഒരുക്കൽ
* കുട്ടിക്ക് കഥ പറയാൻ അവസരമൊരുക്കൽ
* വായനമൂല, ക്ലാസ് ലൈബ്രറി ഒരുക്കൽ
* രക്ഷിതാവിന്റെ സഹായത്തോടെ സംയുക്ത ഡയറി എഴുതുന്നു
* പുസ്തകങ്ങൾ തൊട്ടറിയാനും നിരന്തരം എടുത്തു നോക്കാനും അവസരം ഒരുക്കുന്നു.
* ചെറിയ കഥകൾ കേൾക്കാൻ അവസരം ഒരുക്കുന്നു.
* അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ചു വരുന്ന അക്ഷരങ്ങൾ ഉറപ്പിക്കുന്നു
* ചിത്രവായനയ്ക്ക് അവസരം ഒരുക്കുന്നു. വാചികമായി പറയാനും അവസരം നൽകുന്നു.

## ആഗസ്റ്റ്

### പ്രവർത്തനങ്ങൾ

* റീഡേഴ്സ് തിയേറ്റർ, നിർമാണശില്പശാല, പാട്ടരങ്ങ് മലയാളം മധുരം പ്രവർത്തനങ്ങൾ
* ഭാഷാ വികസനത്തിന് അവസരം ഒരുക്കുന്നു.
* സംയുക്ത ഡയറി എഴുത്ത് തുടരുന്നു.
* പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പിക്കുന്നു
* ഭാഷശേഷി വർദ്ധിപ്പിക്കുന്നതിനായി അക്ഷരപ്പാട്ടുകൾ ചിത്രവായന കാർഡുകൾ എന്നിവ തയ്യാറാക്കുന്നു , അവതരിപ്പിക്കുന്നു
* രചനോത്സവത്തിൽ കുട്ടികൾ സ്വതന്ത്ര രചനകൾ നടത്താൻ തൈത്താങ്ങ് നൽകുന്നു.
* ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.
* ആശയഗ്രഹണത്തിലൂടെ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടുന്നു.

## സെപ്റ്റംബർ

### പ്രവർത്തനങ്ങൾ

* സംയുക്ത ഡയറി മെച്ചപ്പെടുത്താൻ അവസരം നൽകു
* സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് അവസരം ഒരുക്കുന്നു
* ചെറിയ ചെറിയ വാക്യങ്ങളിലൂടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.
* അനുഭവാധിഷ്ഠിതമായ ഭാഷാപഠനം സ്വായത്തമാക്കാൻ അവസരം ഒരുക്കുന്നു.
* വ്യക്തിഗത രചനകൾക്ക് അവസരം ഒരുക്കുന്നു.
* കുട്ടികളെ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമായ് മാറ്റുന്നു.

## ഒക്ടോബർ

### പ്രവർത്തനങ്ങൾ

* വായനോത്സവം സംഘടിപ്പിക്കുന്നു.
* ആസ്വാദ്യകരമായ വായന നടത്തുന്നു.
* ചിത്രവായനയ്ക്ക് അവസരം ഒരുക്കുന്നു.
* രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പ്രദർശിപ്പിക്കുന്നു.
* ഭാഷ പ്രവർത്തനങ്ങൾ സർഗാത്മകവും സജീവമാകുന്നു.
* കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കുകയും ചെയ്യുന്നു.
* ഭിന്നനിലവാരക്കാരെ പരിഗണിച്ച് ഭാഷ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടത്തുന്നു.

## നവംബർ

### പ്രവർത്തനങ്ങൾ

* സംയുക്തഡയറി എഴുത്ത് കൂടുതൽ മെച്ചപ്പെടുത്തി സ്വതന്ത്രരചയിതാക്കളാക്കുന്നു.
* കൂട്ടവായന, നാട്ടുവായന, വീട്ടുവായന, ചിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കൽ
* വായനോത്സവം തുടങ്ങുന്നു
* രചനോത്സവം തുടങ്ങുന്നു
* പത്രവായനയ്ക്ക് അവസരം ഒരുക്കൽ
* താളാത്മകമായി കവിതകൾ ചൊല്ലൽ
* സംയുക്തഡയറിയിൽ കുട്ടി എഴുത്ത് കൂടുതലാക്കുന്നു.
* ചിത്രവായന നടത്തുന്നു.
* ചെറിയ വായനകാർഡുകൾ ബാലസാഹിത്യകൃതികൾ എന്നിവ ഉപയോഗിച്ച് പരസ്പരം സഹായിച്ച് കൂട്ടുവായന നടത്തുന്നു.
* ചെറുകഥകൾ പങ്കിട്ട് കുട്ടികളെ സ്വതന്ത്രവായനക്കാരാക്കുന്നു.

username Anu[illegible] T D

* നവമാധ്യമങ്ങളിലൂടെ ചിത്രങ്ങൾ പങ്കിട്ട് ചിത്രത്തിന് ചേർന്ന കഥകൾ എഴുതിക്കുന്നു. ചിത്രം വരയ്ക്കുന്നു.
* ദൈനംദിന അനുഭവങ്ങൾ വാർത്ത രൂപത്തിൽ ലേഖക്ക് എഴുതുന്നു.
* ക്ലാസ് പത്രം രൂപപ്പെടുത്തുന്നു.

## ഡിസംബർ

പ്രവർത്തനങ്ങൾ

* ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും രസകരവുമായി അവതരിപ്പിക്കുന്നു.
* രചനശേഷി പരിപോഷിപ്പിക്കൽ
* ദൈനംദിന അനുഭവങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നു.
* രണ്ടോ മൂന്നോ പേരടങ്ങുന്ന ചെറുഗ്രൂപ്പുകളായി തിരിഞ്ഞ് പരസ്പരം സഹായിച്ച് കൂട്ടെഴുത്ത് നടത്തുന്നു.
* ചെറുകവിതകൾ കഥകൾ എന്നിവ എഴുതാൻ ശ്രമിക്കുന്നു
* കണ്ടതും കേട്ടതും ആയ കാര്യങ്ങൾ ആശയം ചോരാതെ പറയാനും എഴുതാനും കഴിയുന്നു.
* സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് അർത്ഥപൂർണതയോടെ എഴുതാൻ കഴിവ് നേടി രചനാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
* പരസ്പരം പിന്തുണ ഉറപ്പിച്ച് കൂട്ടെഴുത്ത് പരിപോഷിപ്പിക്കുന്നു.
* സംയുക്ത ഡയറി കൂടുതൽ മെച്ചപ്പെടുത്തുന്നു.

## ജനുവരി

### പ്രവർത്തനങ്ങൾ

* കുട്ടികളെ എഴുത്തിന്റെ ലോകത്തിലേക്ക് എത്തിക്കുന്നതിനുള്ള ലഘുരചന ശിൽപശാലകൾ നടത്തുന്നു.
* തിയേറ്റർ സാധ്യതകൾ വായനക്കേന്ദ്രങ്ങൾ എന്നിവ ഉപയോഗിച്ച് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.
* കുട്ടികൾ എഴുതിയ ചെറുകവിതകൾ കഥകൾ എന്നിവയുടെ പ്രകാശനം
* സംയുക്തഡയറിയിലെ ഓരോ കുട്ടിയുടെയും മികച്ച രചനകൾ ഡിജിറ്റൽ പോർട്ട്ഫോളിയോയിൽ സൂക്ഷിക്കുന്നു.
* കുട്ടികളുടെ സർഗ്ഗശേഷികൾ സമൂഹത്തിനുമുമ്പിൽ അവതരിപ്പിക്കുന്നു.
* ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കൽ
* കുട്ടികളുടെ സ്വതന്ത്ര രചനകൾ ചേർത്ത് കുഞ്ഞെഴുത്ത് പുസ്തകം തയ്യാറാക്കുന്നു.
* മികവുകൾ സമൂഹത്തിനുമുമ്പിൽ പ്രകടിപ്പിക്കുന്നു.

## ഫെബ്രുവരി

### പ്രവർത്തനങ്ങൾ

* ഭാഷോത്സവം, രചനോത്സവം എന്നിങ്ങനെ പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തിൽ നടപ്പിലാക്കുന്നു.
* കുട്ടികളുടെ രചനകൾ മാഗസിനിൽ ആക്കുന്നു.
* ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനും എഴുതുന്നതിനും അവസരം ഒരുക്കുന്നു.
* ആശയപൂർണതയോടെ തൽസമയ രചനകൾ നടത്തുന്നു.
* ഭാഷോത്സവത്തിൽ ജനപ്രതിനിധികളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നു.
* സ്വന്തമായി രചനകൾ നടത്തി കുഞ്ഞെഴുത്ത്

* കുട്ടികളുടെ മികവുകൾ സമൂഹത്തിനു മുമ്പിൽ പ്രകടിപ്പിക്കുന്നു.

## മാർച്ച്

### പ്രവർത്തനങ്ങൾ

* കുട്ടികൾ തയ്യാറാക്കിയ കഥകൾ, കവിതകൾ പുസ്തകരൂപത്തിൽ ആക്കി പ്രകാശനം ചെയ്യുന്നു.
* വീട്ടുവായന, കൂട്ടുവായന, നാട്ടുവായന, അമ്മവായന, ചങ്ങലവായന, സ്വതന്ത്രവായന എന്നിവയ്ക്ക് പ്രോത്സാഹനം ഒരുക്കുന്നു.
* ഓരോ കുട്ടിയ്ക്കും ഓരോ പതിപ്പുകൾ

### വിലയിരുത്തൽ പ്രവർത്തനങ്ങൾ

* കുട്ടികൾ സ്വതന്ത്രരചയിതാക്കളായി മാറിയിട്ടുണ്ട്.
* കുട്ടികളുടെ മികച്ച സ്വതന്ത്രരചനകളും വായനക്കാർക്കൊപ്പമായി മാറിയിട്ടുണ്ട്
* രചനോത്സവം ഭാഷാപ്രവർത്തനങ്ങളുമായി ബന്ധിപ്പിച്ചിട്ടുണ്ട്
* കുട്ടികളുടെ രചനകൾ ചേർത്ത് കയ്യെഴുത്ത് പുസ്തകം തയ്യാറാക്കുന്നു.
* മികവുകൾ സമൂഹത്തിന് മുമ്പിൽ പങ്കുവെക്കുന്നു.
* സംയുക്തഡയറി വഴി മികച്ച നേട്ടം കൈവരിക്കുന്നു.
* സചിത്രപാഠം പ്രവർത്തനങ്ങൾ ക്ലാസ് മുറിയിൽ നടപ്പിലാക്കുന്നു.
* സർഗാത്മകശേഷി വികസനത്തിനുള്ള കഴിവുകൾ, സാധ്യതകൾ ഉറപ്പാക്കുന്നു.
* ഭാഷോത്സവത്തിന്റെ ഭാഗമായി പാട്ടുത്സവത്തിലെ മികവുകൾ അവതരിപ്പിക്കുന്നു.
* എല്ലാ കുട്ടികളുടെയും സചിത്രപാഠപുസ്തകത്തിൽ പങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ട്.

## Introduction

The goal for the first grader is to handle English fluently. The first grader must go from small words to big words. They must be able to read. write and speak English. Every child should be able to speak English fluently Like Malayalam. we have to keep the language English close to our heart.

The academic masterplan is designed to ensure that not a single child goes illiterate

## Objectives and learning out comes :-

* Respond to simple Instructions in the classroom.
* Describe orally about the pictures and objects.
* familiarise with Simple words
* Enjoy Songs and Sings them with Rhythm and action.
* familiarise the Names of birds animals, their young ones and identifies them from picturs.

## June

* Introduce symbol words.
* provides picture cards

## July

* Identify familiar words
* Say familiar words
* Read familiar words
* write familiar words

## August

* Enjoy Songs and Signs them with Rhythm and action
* Describes orally about pictures and objects using adjectives.

## September

* Read and write Simple words and Simple Sentences
* provides picture cards and reading cards
*

## October

* introduce symbol picture descriptions.
* Make word chain, Sentence chain.
* Make riddles
* Describing words, rhyming words.
* Text book activites

## November

* prepare reading Cards
* provide more opportunities to read, right and speak English.
* writes five English words daily

## December

* Read and understand Simple instructons in the class room
* P Encourage Digital reading

## January

* Enjoy Songs and Sings them with Rhythm and action

* make picture albums
* collect pictures of animals and its young ones.

## February

* provide the opportunity to express myself in the classroom.
* English assembly once in a week

## March

* Speaks English fluently
* Read and write Simple Sentences.
* picture reading and picture descriptions.

## ആമുഖം

ഗണിതം ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. ഭാഷയിലും ശാസ്ത്രത്തിലും മറ്റ് ഇതര പ്രവർത്തനങ്ങളിലും അവബോധം നേടിയെടുക്കുമ്പോൾ ഗണിതം പിന്തള്ളി പോകാതെ മുഖ്യധാരയിൽ എത്തിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ഇതിനായി ഒന്നാം ക്ലാസിൽ നിന്ന് തന്നെ ലളിത പ്രവർത്തനങ്ങൾ രസകരമാക്കാവുന്നതാണ്. പാട്ടുകളിലൂടെയും കളികളിലൂടെയും ഗണിതം ആസ്വാദ്യകരമാക്കാവുന്നതാണ്.

## ലക്ഷ്യങ്ങൾ

* ഒന്നു മുതൽ അഞ്ച് വരെയുള്ള സംഖ്യകൾ എണ്ണുന്നു എഴുതുന്നു.
* അഞ്ചു വരെയുള്ള എണ്ണത്തെ പകുതി തുല്യം കൂടുതൽ കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.
* അഞ്ചു വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.
* ഒരക്കസംഖ്യകൾ എണ്ണി എടുക്കുന്നു. എഴുതുന്നു. വായിക്കുന്നു.
* ഒമ്പതിൽ താഴെ വരെയുള്ള വ്യത്യസ്ത സംഖ്യകളിൽ ഒരു സംഖ്യയോട് എത്ര കൂട്ടിയാൽ തന്നിരിക്കുന്ന വലിയ സംഖ്യ കിട്ടും എന്ന് കണ്ടെത്തി പറയുന്നു.
* സംഖ്യകളെ ആരോഹണ - അവരോഹണക്രമത്തിൽ ആക്കുന്നു.
* രണ്ട് ഒരക്ക സംഖ്യകളുടെ സങ്കലനം
* രണ്ട് ഒരക്ക സംഖ്യകളുടെ വ്യവകലനം
* ഒരക്കസംഖ്യകളുടെ ~~വ്യവകലന~~ വ്യാഖ്യാനം
* ഒന്നുമുതൽ 20 വരെയുള്ള സംഖ്യകൾ എണ്ണുകയും വായിക്കുകയും ചെയ്യുന്നു.

* ഒറ്റസംഖ്യാ പാറ്റേൺ രൂപീകരിക്കൽ
* ഒറ്റ സംഖ്യയും രണ്ടക്കസംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിതപ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നതിനുള്ള കഴിവ് നേടുന്നു.

## ജൂൺ

* സംഖ്യകൾ തിരിച്ചറിയുന്നു. പറയുന്നു.
* സംഖ്യാ കാർഡ് നിർമ്മിക്കൽ

## ജൂലൈ

* ഗണിതപഠനത്തിന് സഹായകമായ ഒത്തിരി വസ്തുക്കൾ ഉപയോഗിച്ച് ഗണിതകിറ്റ് തയ്യാറാക്കുന്നു.
* സംഖ്യാകാർഡ് തയ്യാറാക്കുന്നു.

## ഓഗസ്റ്റ്

* ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു.
* കൂടുതൽ, കുറവ്, തിരിച്ചറിയുന്നു.
* ഗണിതകിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

## സെപ്റ്റംബർ

* സംഖ്യാഗാനങ്ങൾ ആസ്വദിക്കൽ
* ഒറ്റ സംഖ്യകൾ തമ്മിൽ സങ്കലനക്രിയകൾ നടത്തൽ
* ഒറ്റ സംഖ്യകൾ തമ്മിൽ വ്യവകലനക്രിയകൾ നടത്തൽ
* ഒന്നിനോടൊന്നു കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്ന തിരിച്ചറിവ്.
* സംഖ്യാഗാനങ്ങൾ ആലപിക്കൽ

## ഒക്ടോബർ

* ഒറ്റസംഖ്യ, ഇരട്ടസംഖ്യ തിരിച്ചറിയൽ
* ഒന്നിടവിട്ട സംഖ്യകളാണ് ഒറ്റസംഖ്യ, ഇരട്ടസംഖ്യ എന്ന് തിരിച്ചറിവ്
* വലിയസംഖ്യ, ചെറിയസംഖ്യ തിരിച്ചറിയൽ
* ഉല്ലാസഗണിത പ്രവർത്തനങ്ങൾ

## നവംബർ

* സംഖ്യാഗാനങ്ങൾ പാടുന്നു. ശേഖരിക്കുന്നു.
* ഒറ്റക്കസംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള സങ്കലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

## ഡിസംബർ

* സംഖ്യകൾ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതാൻ
* ഗണിത ആൽബം തയ്യാറാക്കൽ

## ജനുവരി

* ഒറ്റക്കസംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
* സങ്കലനം, വ്യവകലനം, ചിഹ്നങ്ങൾ തിരിച്ചറിയുന്നു.
* ഒന്നു മുതൽ 10 വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.

## ഫെബ്രുവരി

* ഗണിതആൽബം പിടിഎയിൽ പ്രദർശിപ്പിക്കുന്നു.
* വിലവിവരപ്പട്ടിക പ്രശ്നവിശകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

## മാർച്ച്

* ഗണിതാശയവുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റുകൾ കംപ്ലീറ്റ് ചെയ്യുന്നു.
* ലളിതമായ ഗണിതകേളികളിൽ ഏർപ്പെടുന്നു.
* ഉല്ലാസഗണിതം പ്രവർത്തനങ്ങൾ
* സംഖ്യകളുടെ പകുതി, തുല്യം എന്നിവ തിരിച്ചറിയുന്നു.

# അക്കാദമിക
# മാസ്റ്റർ പ്ലാൻ
# 2025- 26

ക്ലാസ് - 2

## ആമുഖം

പൊതുവിദ്യാഭ്യാസത്തെ മുഖ്യധാരയിലെത്തിക്കാൻ കുട്ടികളിൽ ഭാഷാവികാസം, വൈജ്ഞാനികമേഖല, വൈകാരികമേഖല എന്നീ മേഖലയിൽ കുട്ടിയുടെ ശേഷി പരിഗണിച്ചാണ് ക്ലാസ്സിലെ 'മാസ്റ്റർപ്ലാൻ' തയ്യാറാക്കുന്നത്. കുട്ടികൾക്ക് ശേഷി വികസനങ്ങൾ നൽകിക്കൊണ്ട് ഓരോ കുട്ടിയുടെയും സന്തോഷപ്രദമായ വികാസമാണ് ഈ വർഷം ലക്ഷ്യമിടുന്നത്. എല്ലാ വിഷയത്തിലും നൈപുണി നേടി ഒരു നല്ല വിദ്യാഭ്യാസത്തിന്റെ ഉടമയായി ഓരോ കുട്ടിയും എല്ലാതലങ്ങളിലും മികവുറ്റവരായി തീരണം അതാണ് ലക്ഷ്യം.

## പ്രവർത്തന ലക്ഷ്യങ്ങൾ

* രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്
* രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക
* ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.
* ക്ലാസിലെ എല്ലാ കുട്ടികളെയും തെറ്റുകളില്ലാത്ത ക്ലാസ് നിലവാരത്തിലുള്ള വ്യവഹാരരൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക.
* വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.
* ചിത്രത്തെ ആസ്പദമാക്കി സംഭാഷണം, ലഘുവിവരണം, കഥ എന്നിവ തയ്യാറാക്കുന്നു.
* ആശയം, ഈണം, താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു (കവിതാപൂരണം)

## ജൂൺ

ചിത്രകാർഡുകൾ നൽകൽ (ചിത്രവും പദവും ഉൾക്കൊണ്ട)

* ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ
* വായനാ സാമഗ്രികൾ നിർമ്മിക്കൽ
* വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ

## ജൂലൈ

* ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉപയോഗിക്കുന്നു
* ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉപയോഗിക്കുന്നു.
* സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു.

## ആഗസ്റ്റ്

* ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ
* രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ
* വീട്ടുലൈബ്രറി ഒരുക്കൽ
* ചിത്രവിവരണം
* വായനാതലത്തിൽ എത്തിച്ച് വ്യത്യസ്ത വ്യവഹാരരൂപങ്ങൾ ഉണ്ടാക്കുന്നു.

## സെപ്റ്റംബർ

* വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ
* വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ
* വായിച്ച കഥയിൽനിന്നും ചോദ്യങ്ങൾ ഉണ്ടാക്കൽ
* വായിച്ച കഥാരംഗങ്ങൾക്ക് രംഗാവിഷ്കാരം ചെയ്യൽ

## ഒക്ടോബർ

* കേട്ടതോ വായിച്ചതോ ആയ കഥകൾ, സംഭാഷണങ്ങൾ എന്നിവ സ്വന്തംഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരങ്ങൾ
* വിവിധതരത്തിലുള്ള ഉപതിപ്പ് തയ്യാറാക്കാൻ വേണ്ടുന്ന മുൻഗണന നൽകുന്നു.

ഉദാ:- ആന
വലിയ ആന
കറുത്തവലിയ ആന

## നവംബർ

* കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം കൊടുക്കുന്നു.

## ഡിസംബർ

* ഭാഷയുടെ വിവിധതലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.
* ക്ലാസ്പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗതമായ നിർമ്മിതികൾ തയ്യാറാക്കാൻ അവസരം ഒരുക്കുന്നു.

## ജനുവരി

* വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരം ഒരുക്കൽ (കവിതാപൂരണം)
* ലഘുവിവരണങ്ങൾ, പ്രത്യേകതകൾ എഴുതുന്നതിനും വായിക്കുന്നതിനുമുള്ള അവസരം ഒരുക്കൽ

## ഫെബ്രുവരി

* എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്നുള്ളത് ഉറപ്പ് വരുത്തൽ (ഭാഷണം, ലേഖനം, എഴുത്ത്)
* കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങ-ളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ

## മാർച്ച്

* വ്യക്തിഗതരചനയെ പ്രോത്സാഹിപ്പിക്കൽ
* ഇൻലന്റ് മാഗസിൻ ഓരോകുട്ടിയും തയ്യാറാക്കൽ
* ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ, കൈയ്യെഴുത്ത് മാസിക, മാഗസിനുകൾ, തയ്യാറാക്കൽ.
* വീട്ടുവായന, കൂട്ടുവായന, നാട്ടുവായന, അമ്മവായന ചിത്രവായന ഇവയെപ്രോത്സാഹിപ്പിക്കൽ
* ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി ശക്തമാക്കൽ

# അക്കാദമിക മാസ്റ്റർപ്ലാൻ 2025-26

## ക്ലാസ് - III

# സ്കൂൾ ചരിത്രം

അന്ധകാരത്തിൽ നിന്ന് അറിവിന്റെ വാതായനത്തിലേക്ക് 1911-ൽ വിദേശമിഷണറിമാരാൽ ചുള്ളിമാനൂർ ദേശത്ത് ആരംഭിച്ച വിദ്യാഭ്യാസസ്ഥാപനമാണ് ലൂഥർമിഷൻ എൽ പി സ്കൂൾ ചുള്ളിമാനൂർ. ലോകത്തിന്റെ വെളിച്ചമായ യേശുക്രിസ്തുവിന്റെ ജീവിതം സാധാരണക്കാരിൽ എത്തിക്കുവാൻ അവരുടേതായ ഭാഷ കൈകാര്യം ചെയ്യാൻ മിഷണറിമാർ ആദ്യം ശ്രമിക്കുകയും പിന്നീട് പള്ളിയും അവരോട് ചേർന്ന് പള്ളിക്കൂടം സ്ഥാപിച്ചു. സമൂഹത്തിൽ അടിച്ചമർത്തപ്പെട്ട വിഭാഗങ്ങളെ വിദ്യാഭ്യാസത്തിലൂടെ മുന്നോട്ടുകൊണ്ടുവരുവാനാണ് മിഷണറിമാർ ശ്രമിച്ചത്.

## ആമുഖം

മൂന്നാം ക്ലാസിലെ കുട്ടി എന്നത് ഒന്ന്, രണ്ട് ക്ലാസിലെ അറിവുകൾ സ്വായത്തമാക്കി വ്യക്തമായ ധാരണയോടുകൂടി ശേഷികൾ കൈവരിച്ചവരാണ്. ആയതിനാൽ കുട്ടികളിൽ അന്തർലീനമായിരിക്കുന്ന വ്യക്തിഗതപ്രവർത്തനങ്ങൾക്ക് തന്നെയാണ് കൂടുതൽ സാധ്യത ഒരുക്കുവാനുള്ളത്. ഭാഷ, പരിസരപഠനം ഗണിതം, ഇംഗ്ലീഷ് എന്നീ വിഷയങ്ങൾക്ക് പ്രാധാന്യം നൽകുന്ന കർമപദ്ധതികളാണ് രൂപകല്പന ചെയ്യേണ്ടത്. കുട്ടികളിൽ തുല്യതയും ഗുണനിലവാരവുമുള്ള വിദ്യാഭ്യാസം ഉറപ്പാക്കാൻ ഈ ദൗത്യം കൊണ്ട് പൂർത്തിയാക്കേണ്ടതുണ്ട്.

ആസ്വദിച്ച് പഠിക്കാൻ കഴിഞ്ഞാൽ എളുപ്പത്തിൽ മനസിലാക്കാൻ കഴിയുന്ന വിഷയമാണ് ഗണിതം. അധ്യയന വർഷത്തിന്റെ ആരംഭത്തിൽ താരതമ്യേന എളുപ്പമുള്ള മേഖല എന്ന നിലയ്ക്കാണ് ജ്യാമിതിയുമായി ബന്ധപ്പെട്ട പാഠഭാഗങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. 2024-25 അധ്യയനവർഷത്തിൽ മൂന്നാം തരത്തിലെ മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളിക്കുന്നതും പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പ്രാധാന്യം നൽകി അവരെ ഉയർന്ന നിലവാരത്തിൽ എത്തിക്കാനും അനുയോജ്യമായ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകിയിരിക്കുന്നു.

# മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായന | പ്രീടെസ്റ്റ് | ജൂൺ | അധ്യാപകൻ | പി ടി എ |
| മലയാളം തെറ്റുകൂടാതെയും അക്ഷരസ്ഫുടതയോടെയും അനായാസമായി വായിക്കുവാൻ | ക്ലാസ് ലൈബ്രറി വികസനം | അധ്യയന വർഷം മുഴുവൻ | സി പി ടി എ | സി പി ടി എ |
| | ക്ലാസ് ലൈബ്രറി ആകർഷകമാക്കൽ | ജൂൺ | അധ്യാപകൻ | അധ്യാപകൻ |
| | അമ്മ വായന | അധ്യയനവർഷം മുഴുവൻ | സി പി ടി എ | ഇല്ല |
| | വായനക്കാർഡുകൾ തയ്യാറാക്കൽ | ജൂൺ - ജൂലൈ | അധ്യാപകൻ | സി പി ടി എ |
| ലേഖനം<br>വിവിധ വ്യവഹാര രൂപങ്ങൾ ആസ്വദിക്കാനും എഴുതുവാനും ഉള്ള ശേഷി വികസിപ്പിക്കുക.<br>- അക്ഷരത്തെറ്റുകൂടാതെ എഴുതുവാനുള്ള ശേഷി കൈവരിക്കൽ, വിവിധ ഭാഷാ വ്യവഹാരങ്ങൾ, രചന നടത്തുവാനുള്ള ശേഷി കൈവരിക്കൽ | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വിവിധ വ്യവഹാര രൂപങ്ങളിൽ രചനകൾ നടത്തുക.<br>ജൂൺ 5 - പരിസ്ഥിതി ദിനം പോസ്റ്റർ<br>ജൂൺ 19 വായനാദിനം വായനാവാരം<br>ആഗസ്റ്റ് 6 ഹിരോഷിമദിനം പോസ്റ്റർ<br>ആഗസ്റ്റ് 9 നാഗസാക്കിദിനം പോസ്റ്റർ | ജൂൺ<br>ജൂൺ<br>ആഗസ്റ്റ്<br>ആഗസ്റ്റ് | അധ്യാപകൻ | സി പി ടി എ |

| | | | | | |
|---|---|---|---|---|---|
| | ആഗസ്റ്റ് -15 സ്വാതന്ത്ര്യദിനം<br>സെപ്തംബർ-5 അധ്യാപകദിനം<br>പഴയകാല അധ്യാപകരുമായി അഭിമുഖം<br>ഒക്ടോബർ - 2<br>ഗാന്ധിജയന്തി<br>കുറിപ്പ് തയ്യാറാക്കൽ<br>ഒക്ടോബർ -10<br>ദേശീയ തപാൽ ദിനം<br>കൂട്ടുകാരനൊരു കത്ത്<br>നവംബർ - 1<br>കേരളപ്പിറവി<br>പ്രസംഗം<br>നവംബർ - 14<br>ശിശുദിനം | ആഗസ്റ്റ്<br>സെപ്തംബർ<br>ഒക്ടോബർ<br>ഒക്ടോബർ<br>നവംബർ<br>നവംബർ | | | |
| ർഗാത്മകപ്രകടനം | കുട്ടികൾ തയ്യാറാക്കിയ വിവിധ വ്യവഹാര രൂപങ്ങൾ അവതരിപ്പിക്കൽ<br>വേദി - സിപിടിഎ | അധ്യയനവർഷം മുഴുവൻ | സിപിടിഎ | ഇല്ല | |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചതുരം, വൃത്തം, ത്രികോണം എന്നീ രൂപങ്ങളെ കുറിച്ചുള്ള ധാരണ നൽകുന്നു. | പ്രീ ടെസ്റ്റ് | ജൂൺ | അധ്യാപകൻ | പിടിഎ |
| | ഈർക്കിലുകൾ, കമ്പുകൾ, വള എന്നിവ ഉപയോഗിച്ച് □,△,○ എന്നിവ നിർമിക്കുന്നു. | ജൂൺ, ജൂലൈ | അധ്യാപകൻ സിപിടിഎ | ഇല്ല |
| 999 വരെയുള്ള സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു | സംഖ്യാപാറ്റേണുകൾ | ആഗസ്റ്റ് | അധ്യാപകൻ | ഇല്ല |
| | . നാണയങ്ങൾ, കളിനോട്ടുകൾ . പാറ്റേണുകൾ (ഗണിത ക്ലബ്ബ്) | ആഗസ്റ്റ് | അധ്യാപകൻ കുട്ടികൾ | സിപിടിഎ |
| എല്ലാ കുട്ടികളിലും സംഖ്യാബോധം ഉണ്ടാക്കുക. | വസ്തുക്കൾ ഉപയോഗിച്ച് സംഖ്യകൾ ഉറപ്പിക്കൽ | സെപ്റ്റംബർ | അധ്യാപകൻ കുട്ടികൾ | ഇല്ല |
| സങ്കലന-വ്യവകലന ക്രിയകൾക്ക് കുട്ടികളെ പ്രാപ്തരാക്കുക. | . മനഃകണക്കുകൾ . നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ | ഒക്ടോബർ- നവംബർ | അധ്യാപകൻ കുട്ടികൾ | ഇല്ല |
| ഗുണന വസ്തുക്കൾ നേടൽ | . മനഃകണക്കുകൾ . മഞ്ചാടികളി | ഡിസംബർ - ജനുവരി | അധ്യാപകൻ കുട്ടികൾ സിപിടിഎ | ഇല്ല |
| ഹരണ ക്രിയയുമായി ബന്ധപ്പെട്ട ശേഷികൾ നേടൽ | . നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഐസിടി വിഭവങ്ങൾ ഉപയോഗിച്ച് | ഫെബ്രുവരി- മാർച്ച് | അധ്യാപകൻ കുട്ടികൾ | ഇല്ല |

# പരിസരപഠനം

| ...ശ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ...ചുറ്റുപാടിന്ന് ...ദ്രികളിൽ ...ലം ...ം. ജൈവ ...ദ്യാന ...ം. | സസ്യങ്ങളെ തരംതിരിക്കൽ പ്രകൃതി നടത്തം | ജൂൺ, ജൂലൈ | അധ്യാപകൻ | ഇല്ല |
| ...സംരക്ഷണം | മണ്ണ്, ജലം, വായു എന്നിവ സംരക്ഷിക്കുന്നതിനാവശ്യമായ പോസ്റ്ററുകൾ സ്ഥാപിക്കുക<br>മഴക്കുഴി നിർമ്മാണം<br>വിദ്യാലയത്തിലെ പ്ലാസ്റ്റിക് ശേഖരിച്ച് ഹരിതകർമ്മസേനക്ക് കൈമാറൽ | ആഗസ്ത് സെപ്തംബർ | അധ്യാപകൻ<br>പിടിഎ<br>ഹരിതകർമസേന | പിടിഎ |
| ...ത്വം | കൈ കഴുകൽ - പരിശീലനം<br>പോസ്റ്റർ നിർമ്മാണം<br>ശുചിത്വ സന്ദേശങ്ങൾ വിദ്യാലയത്തിലെ വിവിധ ഇടങ്ങളിൽ പതിക്കൽ | സെപ്തംബർ<br>ഒക്ടോബർ | ജെ ആർ സി യൂണിറ്റ്<br>അധ്യാപകൻ കുട്ടികൾ | പിടിഎ<br>ഇല്ല |

# ENGLISH

| Aims | Activities | Duration | Charge | Economic Source |
|---|---|---|---|---|
| To study Alphabets | · Pre - Test<br>· Write simple words | June - July | Teacher<br>Students | PTA |
| To study, write and read simple words | Circle the word from TB and read. | August<br>September | Teacher<br>Students | Nil |
| Create more opportunities for English speaking in the class room | Classroom communication should be in English, like May I drinks some water?<br>· May I go to bathroom?<br>· Hello<br>· Hello Everyone<br>· Good Morning<br>· Good Morning everyone<br>· Good Morning class.<br>· Good afternoon everyone<br>· How are you?<br>· How are you all?<br>· How are you today<br>· Let me take attendance, etc. | Academic year | Teacher<br>Students<br>Parents | Nil |